**വിക്ടേർസ് ചാനലിൽ വന്ന മലയാളം ക്ലാസുകളുടെ ഉള്ളടക്കവും തുടർപ്രവർത്തനങ്ങളും**

**22-09-2020**

**കേരള പാഠാവലി- X**

**പാവങ്ങൾ -02**

- മുൻക്ലാസിൽ നൽകിയ തുടർ പ്രവർത്തനങ്ങൾ ഓർമ്മപ്പെടുത്തി.

- പ്രിയംവദ എന്ന കുട്ടി അവതരിപ്പിച്ച പാഠസംഗ്രഹം കേൾപ്പിച്ചു.

- പാഠഭാഗത്തുള്ള കഥ സംക്ഷിപ്തമായി അധ്യാപകനും അവതരിപ്പിച്ചു.

- കഥാസംഗ്രഹം മെച്ചപ്പെടുത്താനുള്ള നിർദേശം എന്ന നിലയിൽ അതിൽ ഉൾക്കൊള്ളേണ്ട കാര്യങ്ങൾ വിശദീകരിച്ചു.

■ ആശയ പൂർണ്ണത
■ അനുക്രമമായ വളർച്ച
■ സംക്ഷിപ്തത
■ സ്വന്തം ഭാഷ

- പാഠഭാഗത്ത് വരുന്ന കഥാപാത്രങ്ങളെ പരിചയപ്പെടുത്തി

■ യാങ് വാൽ ഴാങ്
■ മെത്രാൻ
■ മദാം മഗ്ലാർ
■ മദ്മാസെൽ ബാപ്സ്തിസ്തീൻ (മെത്രാന്റെ സഹോദരി)

- കഥാസന്ദർഭങ്ങൾ സൂക്ഷ്മവിശകലനത്തിന് വിധേയമാക്കി.

- മെത്രാന്റെ ആതിഥ്യം സ്വീകരിച്ച് സുഖമായി ആ വീട്ടിൽ കിടന്നുറങ്ങിയ ഴാങ് വാൽ ഴാങ് പാതിരാത്രിയിൽ ഉണർന്ന് മെത്രാന്റെ വെള്ളിപ്പാത്രങ്ങൾ മോഷ്ടിക്കാൻ തയ്യാറെടുക്കുന്ന സന്ദർഭം.

[അകത്തു കടക്കാൻ നോക്കുന്ന പൂച്ചയുടെ കളവുള്ളതും .................. പതുക്കെ അയാൾ വാതിൽ ഉന്തി ]

■ ഴാങ് വാൽ ഴാങിന്റെ മോഷണശ്രമത്തെ പൂച്ചയുടെ കളവുള്ള പ്രവൃത്തിയോട് സാദൃശ്യപ്പെടുത്തുന്നു.

- ➢ പ്രസ്തുത സാദൃശ്യപ്പെടുത്തൽ നൽകുന്ന  സൂചനകൾ വിശദമാക്കി -

■ മനസ്സിൽ ശക്തമാകുന്ന മോഷണ ചിന്ത
■ മോഷണത്തിനൊരുങ്ങുന്ന വന്റെ സൂക്ഷ്മതയും സംഘർഷവും
■ അഭയം നൽകിയവരോടുള്ള നന്ദി കേട്.

- ➢ തിരിക്കുറ്റിയുടെ കരച്ചിൽ ഴാങ് വാൽ ഴാങിൽ ഉണ്ടാക്കിയ ഞെട്ടൽ വിശദമാക്കി.

- ➢ തിരികുറ്റി എന്താണെന്ന് ചിത്രസഹിതം  വിശദീകരിച്ചു.

[ പരലോകത്ത് വെച്ച് ഇഹലോക കർമ്മങ്ങളെ ............ അയാളുടെ ചെകിട്ടിലലച്ചു ]

- ➢ പരലോകം, ഇഹലോകം, വിചാരണ, കാഹളം തുടങ്ങിയ പദങ്ങൾ സൃഷ്ടിക്കുന്ന അർത്ഥ സാധ്യതകൾ വിശദമാക്കി.

■ ഈ ലോകത്തുവെച്ച് തന്റെ തെറ്റു കണ്ടു പിടിക്കപ്പെട്ടില്ലെങ്കിലും പരലോകത്ത് വെച്ച് അതു വെളിവാക്കപ്പെടുമെന്നതിലെ ഭയം
■തിരികുറ്റിയുടെ ശബ്ദം, താൻ കുറ്റവാളിയാണെന്ന് ലോകത്തിന് മുന്നിൽ വിളിച്ചറിയിക്കുന്ന കാഹള ശബ്ദമായി ഴാങ് വാൽ ഴാങിന് അനുഭവപ്പെടുന്നു.
■ മെത്രാന്റെ വെള്ളിപ്പാത്രങ്ങൾ മോഷ്ടിക്കുന്നത് തനിക്ക് അഭയം നൽകിയവരോടുള്ള വഞ്ചനയാണെന്ന തിരിച്ചറിവ്.
■ കർമ്മങ്ങളിലെ ന്യായാന്യായ വിചാരം ഉണ്ടാക്കുന്ന വിവശത

➢ ഒരു നായയുടെ കുര പോലെ തിരികുറ്റിയുടെ ശബ്ദം ഉയർന്നപ്പോൾ
ഴാങ് വാൽ ഴാങ് അനുഭവിച്ച മാനസിക സംഘർഷം എങ്ങനെയാണ് പാഠഭാഗത്ത് വിശദമാക്കുന്നത് എന്ന് ചൂണ്ടിക്കാട്ടി.

[ രണ്ട് ചെന്നിക്കുമുള്ള രക്ത നാഡികൾ ............ ശ്വാസാവേഗം തള്ളി വന്നു ]

■ ഇരുട്ടിൽ ഭയന്നു നിൽക്കുന്നവന്റെ ഉൾക്കിടിലം
■ ഭയാശങ്കകൾ ഉള്ളവന്റെ വേഗത്തിലുള്ള ഹൃദയമിടിപ്പ്
■ ശ്വാസോച്ഛ്വാസത്തിന്റെ തീവ്രത.

- ➢ 'തന്റെ കാര്യം പോയി' എന്ന് ഴാങ് വാൽ ഴാങ് ചിന്തിച്ചതിന്റെ കാരണം വ്യക്തമാക്കി.

■19 വർഷത്തെ കഠിനശിക്ഷ കഴിഞ്ഞിറങ്ങിയിട്ട് നാല് ദിവസമേ ആകുന്നുള്ളൂ.
ഈ ശബ്ദം കാരണം വീണ്ടും താൻ പിടിക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്തേക്കാം എന്ന തോന്നൽ.

- ഴാങ് വാൽ ഴാങ്ങിന്റെ നിശ്ചലാവസ്ഥ വിവരിക്കുന്ന ഭാഗം വിശദമാക്കി.

- ഉപ്പുകൊണ്ടുള്ള ഒരു പ്രതിമ പോലെ അയാൾ നിന്നേടത്തു തന്നെ മിഴിച്ചു കൊണ്ടു നിന്നു. ഒന്നനങ്ങുവാൻ അയാൾക്ക് ധൈര്യമുണ്ടായില്ല.

■ ഉപ്പു പോലെ താനും അലിഞ്ഞില്ലാതാകും എന്ന തോന്നൽ ഉണ്ടാക്കിയ വിവശത .
■ ഇരുട്ടിൽ കാണാനായ  വിളറി വെളുത്ത രൂപം.

- തനിക്ക് ശരിയെന്ന് തോന്നുന്നതിൽ ഉറച്ചുനിൽക്കാനുള്ള ഴാങ് വാൽ ഴാങിന്റെ സ്ഥൈര്യത്തെ മറ്റൊരു കഥാ സന്ദർഭം ഉദാഹരിച്ച് വിശദമാക്കി.

■ മെത്രാന്റെ വീട്ടിൽ നിന്നും പോയ ശേഷം ഴർവി എന്ന കുട്ടിയുടെ നാല്പത് സൂ നാണയം ഴാങ് വാൽ ഴാങ് തട്ടിയെടുക്കുന്നതും അതിന്റെ പേരിൽ ഷാങ് മാത്യോ എന്നയാൾ അറസ്റ്റ് ചെയ്യപ്പെടുന്നതും അയാളെ രക്ഷിക്കാൻ ഴാങ് വാൽ ഴാങ് കോടതിയിൽ എത്തുന്നതുമായ സന്ദർഭം.

തുടർ പ്രവർത്തനം

1. ഴാങ് വാൽ യാങ്ങിന്റെ മാനസികാവസ്ഥ പ്രകടമാക്കുന്ന സവിശേഷ പ്രയോഗങ്ങൾ കണ്ടെത്തി വിശകലന കുറിപ്പ്  തയ്യാറാക്കുക.?

ഉദാ : ഉപ്പു കൊണ്ടുള്ള ഒരു പ്രതിമ കണക്കെ അയാൾ നിന്നേടത്തു തന്നെ മിഴിച്ചു കൊണ്ട് നിന്നു.

✒ നവാസ് മന്നൻ
GHSS ശ്രീകണ്ഠപുരം